# നമ്മിലൂടെ വെളിപ്പെടുത്തപ്പെടേണ്ടത് (യോഹ 1: 14-18)

**January 15, 2012**

**Homily by Fr. Sony Manjaly.**
**Fr. Manjaly can be reached at** sonymanjaly@gmail.com

സ്നാപകയോഹന്നാൻ ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന സുവിശേഷഭാഗമാണ് നാം ധ്യാനിക്കുന്നത്. ദനഹാക്കാലം തന്നെ വെളിപ്പെടുത്തലുകളുടെ കഥയാണ് പറയുന്നത്. അർത്ഥസമ്പുഷ്ടമായ മൂന്ന് പദങ്ങളാണ് യോഹന്നാൻ ക്രിസ്തുവിനെ വെളിപ്പെടുത്താൻ ഉപയോഗിക്കുന്നത്-കൃപ, സത്യം, മഹത്വം. നാം ഓരോരുത്തരും സ്വജീവിതത്തിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്താൻ വിളിക്കപ്പെട്ടവരാണെന്ന കാര്യം ഇവിടെ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

കർദ്ദിനാൾ വാൻ തുവാൻ 13 വർഷത്തോളം ജയിൽ വാസം അനുഭവിച്ച വ്യക്തിയാണ്. വിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടം വിചാരണ കൂടാതെ അദ്ദേഹത്തെ തടവിലാക്കുമ്പോൾ മെത്രാനായി അഭിഷിക്തനായിട്ട് ഏഴുവർഷമേ ആയിരുന്നുള്ളൂ. രൂപതയെക്കുറിച്ചുള്ള ഒരുപാട് സ്വപ്നങ്ങളും പദ്ധതികളും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ 1976 മാർച്ച് 18-ന് കെയ്ഫോർങ്ങിലുള്ള വസതിയിൽ നിന്നും അദ്ദേഹത്തെ ബലാൽക്കാരമായി പൊലീസ് പിടിച്ചുകൊണ്ടുപോയി. തടവുകാലത്തിലെ 9 വർഷം ഏകാന്തതടവിലായിരുന്നു. ജനാലകളില്ലാത്ത ഇടുങ്ങിയ മുറി. രാത്രിയും പകലും പോലും തിരിച്ചറിയാനാകില്ല. കഠിനമായ ചൂടിലും ഏകാന്തതയിലും അദ്ദേഹം വീർപ്പുമുട്ടി. തന്റെ രൂപതയെക്കുറിച്ചും ജനങ്ങളെക്കുറിച്ചും ഉള്ള ഉത്കണ്ഠ മനസ്സിന്റെ സമനില തെറ്റിപ്പോകുമോ എന്ന് പോലും ചിന്തിപ്പിച്ചു. എന്നാൽ ദൈവകൃപ മാത്രമാണ് ഏറ്റവും നിരാശയുടെ നിമിഷങ്ങളിലും തളരാതെ തകരാതെ താങ്ങിനിറുത്തിയതെന്നു ജയിലിൽ വച്ച് അദ്ദേഹം എഴുതിയ "The Road to Hope - A Gospel from Prison" എന്ന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുന്നു. ജയിൽ മോചിതനായതിനുശേഷം പ്രത്യാശയുടെ സന്ദേശവും ദൈവകൃപയിലുള്ള ആശ്രയവും അദ്ദേഹം ഉദ്ഘോഷിച്ചു. രണ്ടായിരമാണ്ടിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ നോമ്പുകാലത്ത് ധ്യാനിപ്പിക്കുവാൻ വിളിപ്പിക്കപ്പെട്ടത് കർദ്ദിനാൾ വാൻ തുവാനാണ്. ജയിലിൽ കഴിയുമ്പോൾ ജയിൽ ഗാർഡ്സ് കൊടുത്ത കടലാസ് കഷണങ്ങളിൽ കർദ്ദിനാൾ വാൻ തുവാൻ എഴുതി പൂർത്തീകരിച്ച പുസ്തകത്തിന്റെ പേരാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. കൃപയെന്നത് ദൈവത്തിന്റെ ദാനമാണ്. മനുഷ്യന്റെ നിസ്സഹായാവസ്ഥയും ദൈവത്തിന്റെ അനന്തകാരുണ്യവുമാണ് കൃപകൊണ്ട് അർത്ഥമാക്കുന്നത്. സ്വന്തം അനർഹതയെക്കുറിച്ചുള്ള അവബോധം ഒരുവനെ കൃപയ്ക്ക് യോഗ്യനാക്കുന്നു. എളിയ ദാസിയായി സ്വയം കരുതിയ മറിയത്തെ ദൈവം കൃപനിറഞ്ഞവളേ (ലൂക്ക 1/35) എന്ന് സംബോധന ചെയ്യുന്നു. അനുതപിച്ച കായേനും ദാവീദും, വിക്കനായ മോശയും, തള്ളിപ്പറഞ്ഞ പത്രോസും, ചുങ്കക്കാരനായ സക്കേവൂസും ഒരുപോലെ ദൈവകൃപയ്ക്ക് യോഗ്യരായി മാറുന്നതായി വി. ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. സ്വന്തം തെറ്റ് ഏറ്റുപറഞ്ഞ് അനുതപിക്കുന്ന പാപികളും ചുങ്കക്കാരും രോഗികളും അവിടുത്തെ കൃപയ്ക്ക് യോഗ്യരായി. ദൈവകൃപ

നിറഞ്ഞ പരിശുദ്ധ കന്യകാമറിയം എലിസബത്തിനെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ പുറപ്പെടുന്നത് നമുക്ക് ഓരോരുത്തർക്കും കൃപയുടെ നീർച്ചാലുകളാകാനുള്ള മാതൃകയും പ്രചോദനവുമാണ് നൽകുന്നത്. വി. പൗലോസ് ശ്ലീഹായുടെ എല്ലാ ദുരിതങ്ങളിലും ഞെരുക്കങ്ങളിലും ശ്ലീഹായ്ക്ക് ക്രിസ്തു കൊടുക്കുന്ന ആശ്വാസം 'നിനക്ക് എന്റെ കൃപ മതി' (2 കോറി. 12/9) എന്നാണ്. ക്രിസ്തുവിന്റെ മഹത്വമാണ് നമ്മുടെ ലക്ഷ്യം. മഹത്വം എന്നത് ദൈവസാന്നിദ്ധ്യത്തിന്റെ അനുഭവമാണ്. ദൈവസാന്നിദ്ധ്യത്തിൽ ഓരോ പ്രവർത്തനവും ദിനംപ്രതിയുള്ള ഉദ്യമങ്ങളും നിർവ്വഹിക്കപ്പെടുമ്പോൾ നാം ഓരോരുത്തരും ദൈവമഹത്വത്തിൽ പങ്കാളികളാകും എന്നതിൽ സംശയമില്ല.

ക്രിസ്തുവിനോടൊപ്പം ചരിക്കുമ്പോൾ നമുക്ക് കരഗതമാകുന്ന അനുഭവമാണ് കൃപയ്ക്ക് മേൽ കൃപ. പ്രകൃതിരമണീയമായ ഒരു സ്ഥലത്ത് കൂടെ നാം സഞ്ചരിക്കുമ്പോൾ ഒന്നിനു പുറകെ ഒന്നായി സുന്ദരദൃശ്യങ്ങളായിരിക്കും നമ്മെ കാത്തിരിക്കുക. സംഗീതമോ കലയോ പദ്യമോ പഠിക്കുന്ന വ്യക്തി കൂടുതൽ പഠിക്കുന്തോറും അതിലെ അനന്തസാദ്ധ്യതകൾ ഒരുവനെ അതിശയിപ്പിക്കും. അതുപോലെയാണ് ക്രിസ്തുവിനെ കൂടുതൽ അറിയുന്തോറും അവനോടൊത്ത് വസിക്കുന്തോറും അവനെക്കുറിച്ച് ചിന്തിക്കുംതോറും സത്യത്തിന്റെ പുതിയ ചക്രവാളങ്ങളിലേയ്ക്കും വിഹായസ്സിലേയ്ക്കും നമ്മുടെ ഹൃദയവും മനസ്സും തുറക്കപ്പെടും. ഓരോ പ്രഭാതത്തിലും പുതുസ്നേഹം കൊണ്ട് ദൈവം നമ്മെ നിറയ്ക്കുന്നുണ്ട്. നമ്മുടെ ജീവിതം ക്രിസ്തുസ്നേഹത്തിന്റെയും സത്യത്തിന്റെയും സമാധാനത്തിന്റെയും വെളിപ്പെടുത്തലായി രൂപാന്തരപ്പെടട്ടെ. തിൻമയുടെ വെളിപ്പെടുത്തലുകളുടെ ഉപഭോഗസംസ്കാരത്തിൽ ആയിരിക്കുന്ന നമുക്ക് നന്മയുടെയും കൃപയുടെയും സത്യത്തിന്റെയും നീർച്ചാലുകളാക്കി നമ്മുടെ കൊച്ചുജീവിതങ്ങളെ മാററാം.